ദേശാഭിമാനി 21 December 2022

# കരൾവീക്കത്തിന് കടൽപ്പായൽ മരുന്ന് നാലുമാസത്തിനകം വിപണിയിൽ

കൊച്ചി

മദ്യപാനത്തിലൂടെ അല്ലാതെ ഉണ്ടാകുന്ന കരൾവീക്കം ചെറുക്കാൻ, കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം (സിഎംഎഫ്ആർഐ) കടൽപ്പായലിൽനിന്ന് വികസിപ്പിച്ച ഉൽപ്പന്നം ഉടൻ വിപണിയിലെത്തും. കടൽമീൻ ലിവ്ക്യുവർ എക്സ്ട്രാക്റ്റ് എന്ന ഉൽപ്പന്നം നിർമിക്കുന്നതിനും വിപണിയിലെത്തിക്കാനും സ്വകാര്യ കമ്പനിയായ എമിനിയോടെക്കുമായി സിഎംഎഫ്ആർഐ ധാരണയായി.




കരൾവീക്കത്തെ ചെറുക്കാനുള്ള കടൽപ്പായൽ ഉൽപ്പന്നം വാണിജ്യാടിസ്ഥാനത്തിൽ നിർമിക്കുന്നതിന് സിഎംഎഫ്ആർഐ എമിനിയോടെക്കുമായി ധാരണപത്രം ഒപ്പുവച്ചശേഷം ഡോ. എ ഗോപാലകൃഷ്ണനും ഇവാൻജലിസ്റ്റ് പത്രോസും അനുമതിപത്രം പരസ്പരം കൈമാറുന്നു

കടൽപ്പായലിൽ അടങ്ങിയിരിക്കുന്ന ഫലപ്രദമായ ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിച്ച് വികസിപ്പിച്ച ഉൽപ്പന്നത്തിന്റെ സാങ്കേതികവിദ്യ കൈമാറുന്നതിനുള്ള അനുമതിപത്രം സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണനും എമിനിയോടെക് മാനേജിങ് ഡയറക്ടർ ഇവാൻജലിസ്റ്റ് പത്രോസും ഒപ്പുവച്ചു.

നേരത്തേ പ്രമേഹം, സന്ധിവേദന, അമിതവണ്ണം, രക്തസമ്മർദം, തൈറോയിഡ് എന്നീ രോഗങ്ങൾക്കെതിരെയും സിഎംഎഫ്ആർഐ ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്. കരളിന്റെ ആരോഗ്യം മെച്ചപ്പെടുത്താനും അമിതമായി അടിഞ്ഞുകൂടിയ കൊഴുപ്പുകൾ നിയന്ത്രണവിധേയമാക്കാനും ഈ ഉൽപ്പന്നം സഹായമാണെന്ന് ഡോ. ഗോപാലകൃഷ്ണൻ പറഞ്ഞു. ഉൽപ്പന്നത്തിന് ഒരുവിധ പാർശ്വഫലങ്ങളും ഇല്ലെന്നത് ക്ലിനിക്കൽ പരീക്ഷണങ്ങളിലൂടെ തെളിഞ്ഞതാണെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കാജൽ ചക്രബർത്തിയാണ് ഉൽപ്പന്നം വികസിപ്പിച്ചത്. നാലുമാസത്തിനുള്ളിൽ ഉൽപ്പന്നം വിപണിയിലെത്തിക്കുമെന്ന് ഇവാൻജലിസ്റ്റ് പത്രോസ് പറഞ്ഞു. ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ പ്രധാന ഓൺലൈൻ പോർട്ടലുകൾ വഴി എല്ലാ ജില്ലകളിലും നേരിട്ടും വിപണനം നടത്തും.